REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 11-05-2026 സമയം 12.30 PM

## പ്രധാന വാർത്തകൾ

- **ദേശീയ സാങ്കേതിക ദിനത്തിൽ രാജ്യത്തെ ശാസ്ത്രജ്ഞർക്കും, എഞ്ചിനീയർമാർക്കും, ഗവേഷകർക്കും ആശംസകൾ നേർന്ന് ഉപരാഷ്ട്രപതിയും, പ്രധാനമന്ത്രിയും.**
- **പ്രധാനമന്ത്രി നരേന്ദ്രമോദി ഗുജറാത്തിലെ സോമനാഥ് ക്ഷേത്രത്തിൽ അമൃതപർവ് ആഘോഷത്തിന്റെ ഭാഗമായി ദർശനവും പൂജയും നടത്തി.**
- **പശ്ചിമേഷ്യൻ സാഹചര്യത്തിൽ രാജ്യത്തെ സമ്പദ്‌വ്യവസ്ഥയെ ശാക്തീകരിക്കാൻ ഏഴിന ചെലവുചുരുക്കൽ നിർദ്ദേശങ്ങൾ മുന്നോട്ടുവെച്ച് പ്രധാനമന്ത്രി നരേന്ദ്രമോദി. വിമർശിച്ച് ലോക്സഭാ പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധി.**
- **സംസ്ഥാനത്ത് വരുംദിവസങ്ങളിലും വേനൽമഴ തുടരുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്.**
- **ആകാശവാണി അഖില കേരള റേഡിയോ നാടകോത്സവത്തിലെ ആദ്യ നാടകം 'ദൈവത്തിൻ മനമാരു കണ്ടു' രാത്രി 9.30-ന്.**

## വാർത്തകൾ വിശദമായി

ദേശീയ സാങ്കേതിക ദിനത്തിൽ രാജ്യത്തെ ശാസ്ത്രജ്ഞർ, എഞ്ചിനീയർമാർ, നൂതനാശയക്കാർ, ഗവേഷകർ എന്നിവർക്ക് ഉപരാഷ്ട്രപതി C.P രാധാകൃഷ്ണൻ, പ്രധാനമന്ത്രി നരേന്ദ്രമോദി , കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ, രാജ്യരക്ഷാമന്ത്രി രാജ്നാഥ് സിംഗ് എന്നിവർ ആശംസകൾ നേർന്നു. ജനങ്ങളുടെ കഴിവും സമർപ്പണവും കൊണ്ട് ശാസ്ത്രം, നവീകരണം,

സാങ്കേതികവിദ്യ എന്നിവയിൽ രാജ്യം ഗണ്യമായ മുന്നേറ്റം തുടരട്ടെയെന്ന് ഉപരാഷ്ട്രപതി ആശംസിച്ചു.

ദേശീയ സാങ്കേതിക ദിനത്തിൽ രാജ്യത്തെ ശാസ്ത്രജ്ഞരുടെ കഠിനാധ്വാനത്തെയും അർപ്പണബോധത്തെയും പ്രധാനമന്ത്രി നരേന്ദ്ര മോദി അഭിനന്ദിച്ചു. 1998-ലെ പൊഖ്റാൻ ആണവ പരീക്ഷണങ്ങളുടെ വിജയം ഇന്ത്യയുടെ ശാസ്ത്രീയ മികവിന്റെയും നിശ്ചയദാർഢ്യത്തിന്റെയും അടയാളമാണെന്ന് അദ്ദേഹം സാമൂഹ്യമാധ്യമങ്ങളിൽ കുറിച്ചു.

രാജ്യത്തിന്റെ പുരോഗതിക്കായി പ്രയത്നിക്കുന്ന ശാസ്ത്രജ്ഞർക്കും എൻജിനീയർമാർക്കും ഗവേഷകർക്കും രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിംഗും കേന്ദ്ര ആഭ്യന്തര മന്ത്രി അമിത്ഷായും അഭിവാദ്യങ്ങൾ നേർന്നു.

✪✪✪

പശ്ചിമേഷ്യൻ സാഹചര്യത്തിൽ രാജ്യത്തെ സമ്പദ്‌വ്യവസ്ഥയെ ശാക്തീകരിക്കാൻ ഏഴിന ചെലവുചുരുക്കൽ നിർദ്ദേശങ്ങൾ പ്രധാനമന്ത്രി നരേന്ദ്രമോദി അവതരിപ്പിച്ചു. ഹൈദരാബാദിൽ ഇന്നലെ പൊതുപരിപാടിയെ അഭിസംബോധന ചെയ്യവെയാണ് പ്രധാനമന്ത്രി ഈ നിർദ്ദേശങ്ങൾ മുന്നോട്ടുവെച്ചത്.

പൗരന്മാർ സ്വമേധയാ നടപ്പാക്കേണ്ട നിർദ്ദേശങ്ങളാണിവയെന്നും അദ്ദേഹം വ്യക്തമാക്കി. വിദേശനാണ്യ ശേഖരം സുരക്ഷിതമായി നിലനിർത്താൻ ഇറക്കുമതി പെട്രോളിയം ഉത്പന്നങ്ങളുടെ ഉപയോഗം യുക്തിസഹമാക്കണം. രാജ്യം ഏറ്റവുമധികം വിദേശനാണ്യം ചെലവഴിക്കുന്നത് എണ്ണ ഇറക്കുമതിക്കാണ്.

ഈ സാഹചര്യത്തിൽ പൊതു ഗതാഗത സംവിധാനം കൂടുതലായി ഉപയോഗിക്കാനും, കാറുകൾ പങ്കുവെയ്ക്കുന്ന പൂളിംഗ് സമ്പ്രദായം അനുവർത്തിക്കാനും അദ്ദേഹം ആവശ്യപ്പെട്ടു. അനാവശ്യ വിദേശയാത്രകൾ ഒരു വർഷത്തേക്ക് നിർത്തിവെക്കണം. വിദേശങ്ങളിലെ വൻചെലവു വരുന്ന ഡെസ്റ്റിനേഷൻ വിവാഹങ്ങൾ വേണ്ടെന്നുവെയ്ക്കണമെന്നും പ്രധാനമന്ത്രി പറഞ്ഞു. ഒരു വർഷത്തേക്ക് സ്വർണം വാങ്ങൽ നിയന്ത്രിക്കാനും അദ്ദേഹം ആഹ്വാനം ചെയ്തു.

വർക്ക് ഫ്രം ഹോം പുനഃരാരംഭിക്കാനും പ്രധാനമന്ത്രി ആഹ്വാനം ചെയ്തു. ഭക്ഷ്യ എണ്ണ ഉപഭോഗം കുറയ്ക്കണം. വിദേശത്തു നിന്ന് ഇറക്കുമതി ചെയ്യുന്ന രാസവളങ്ങളെ ആശ്രയിക്കുന്ന രീതി കർഷകർ ഒഴിവാക്കണണെന്നും, ജൈവ കാർഷിക രീതികൾ സ്വീകരിക്കണമെന്നും പ്രധാനമന്ത്രി പറഞ്ഞു. പ്രാദേശിക ഉത്പന്നങ്ങൾ പരമാവധി ഉപയോഗിച്ച് സ്വയംപര്യാപ്തത കൈവരിക്കണമെന്നും പ്രധാനമന്ത്രി ആവശ്യപ്പെട്ടു.

✪✪✪

ഇന്ധന ഉപഭോഗം കുറയ്ക്കാനും വിദേശയാത്രകൾ ഒഴിവാക്കാനും പ്രധാനമന്ത്രി നരേന്ദ്ര മോദി നൽകിയ ആഹ്വാനത്തെ, കോൺഗ്രസ് നേതാവ് രാഹുൽ ഗാന്ധി രൂക്ഷമായി വിമർശിച്ചു. കഴിഞ്ഞ 12 വർഷത്തെ ഭരണം കൊണ്ട് ജനങ്ങൾ എന്ത് വാങ്ങണം, എവിടെ പോകണം എന്ന് ഗവണ്മെന്റ് തീരുമാനിക്കുന്ന അവസ്ഥയിലേക്ക് രാജ്യം എത്തിയെന്നും, ഇത് ഗവണ്മെന്റിന്റെ പരാജയത്തിന്റെ തെളിവാണെന്നും അദ്ദേഹം എക്സ് ഹാന്റിലിൽ കുറിച്ചു.

സ്വർണ്ണം വാങ്ങരുത്, വിദേശത്ത് പോകരുത് തുടങ്ങിയ പ്രധാനമന്ത്രിയുടെ നിർദ്ദേശങ്ങൾ സ്വന്തം ഉത്തരവാദിത്തങ്ങളിൽ നിന്ന് ഒഴിഞ്ഞുമാറി ജനങ്ങളുടെ മേൽ ബാധ്യതകൾ അടിച്ചേൽപ്പിക്കുന്ന രീതിയാണെന്നും രാഹുൽ ഗാന്ധി കുറ്റപ്പെടുത്തി.

എന്നാൽ വിദേശനാണ്യ ശേഖരം സംരക്ഷിക്കണമെന്ന പ്രധാനമന്ത്രിയുടെ ആഹ്വാനത്തെ സാമ്പത്തിക ദേശസ്നേഹം എന്ന നിലയിലാണ് BJP അവതരിപ്പിക്കുന്നത്.

✪✪✪

പ്രധാനമന്ത്രി നരേന്ദ്രമോദി ഗുജറാത്തിലെ സോമനാഥ് ക്ഷേത്രത്തിൽ അമൃതപർവ് ആഘോഷത്തിന്റെ ഭാഗമായി ദർശനവും പൂജയും നടത്തി. ആഘോഷ സമാപനത്തിൽ പങ്കെടുക്കാനെത്തിയ പ്രധാനമന്ത്രി ഒരു കിലോമീറ്റർ റോഡ് ഷോയിലും പങ്കെടുത്തു. 75 വർഷം മുമ്പ് ക്ഷേത്ര പുനരുദ്ധാരണത്തിന് നേതൃത്വം നൽകിയ സർദാർ വല്ലാഭായ് പട്ടേലിനോട് ആദരസൂചകമായി അദ്ദേഹത്തിന്റെ പ്രതിമയിൽ പ്രധാനമന്ത്രി പുഷ്പങ്ങൾ അർപ്പിച്ചു.

മുഖ്യമന്ത്രി ഭൂപേന്ദ്ര പട്ടേലും ഉപമുഖ്യമന്ത്രി ഹർഷ് സാംഘവിയും അദ്ദേഹത്തെ അനുഗമിച്ചു. ഉച്ചകഴിഞ്ഞ് പൊതുയോഗത്തിലും പ്രധാനമന്ത്രി പങ്കെടുക്കും. തുടർന്ന് വഡോദരയിൽ സർദാർധാം ഹോസ്റ്റലും നരേന്ദ്രമോദി ഉദ്ഘാടനം ചെയ്യും.

✪✪✪

2026-27 സാമ്പത്തിക വർഷം ഇന്ത്യൻ സമ്പദ്മേഖല 6.6 ശതമാനം വളർച്ച നേടുമെന്ന് സ്റ്റേറ്റ് ബാങ്ക് ഗവേഷണ റിപ്പോർട്ട് വിലയിരുത്തി. കഴിഞ്ഞ സാമ്പത്തിക വർഷത്തിന്റെ നാലാം പാദത്തിൽ യഥാർത്ഥ GDP വളർച്ച 7.2 ശതമാനമായിരുന്നുവെന്നും റിപ്പോർട്ടിൽ പറയുന്നു. ആഗോള

പ്രതിസന്ധികൾക്കിടയിലും ഇന്ത്യ ശക്തമായ വളർച്ച നിലനിർത്തുകയാണെന്ന് റിപ്പോർട്ട് സൂചിപ്പിക്കുന്നു.

✪✪✪

അസമിൽ NDA  ഗവൺമെന്റ് നാളെ സത്യപ്രതിജ്ഞ ചെയ്യും. ഗവർണർ ലക്ഷ്മൺ പ്രസാദ് ആചാര്യ, നിയമസഭാ കക്ഷി നേതാവായി  തെരഞ്ഞെടുത്ത ഹിമന്ത ബിശ്വ ശർമ്മയെ ഗവൺമെന്റ് രൂപീകരണത്തിന് ക്ഷണിച്ചു. ഗോഹട്ടിയിലാണ് സത്യപ്രതിജ്ഞാ ചടങ്ങ്.

✪✪✪

പുതുതായി തിരഞ്ഞെടുക്കപ്പെട്ട തമിഴ്നാട് നിയമസഭയുടെ ആദ്യ സമ്മേളനം തുടങ്ങി. പ്രോട്ടം സ്പീക്കർ MV  കറുപ്പയ്യ പുതിയ MLA മാർക്ക് സത്യവാചകം ചൊല്ലിക്കൊടുത്തു. മുഖ്യമന്ത്രി വിജയ് ആണ് നിയമസഭാംഗമായി ആദ്യം സത്യപ്രതിജ്ഞ ചെയ്തത്. അംഗങ്ങളുടെ സത്യപ്രതിജ്ഞയ്ക്ക് ശേഷം സ്പീക്കറെ തിരഞ്ഞെടുക്കും.

തമിഴക വെട്രി കഴകം അധ്യക്ഷൻ C ജോസഫ് വിജയിയുടെ നേതൃത്വത്തിൽ പുതിയ ഗവണ്മെന്റ് ഈ മാസം 13-നകം നിയമസഭയിൽ ഭൂരിപക്ഷം തെളിയിക്കേണ്ടതുണ്ട്. മുഖ്യമന്ത്രിയായി വിജയ് ഇന്നലെ ചുമതലയേറ്റിരുന്നു.

പ്രതിപക്ഷ DMK, നിയസഭാ കക്ഷി നേതാവായി  ഉദയനിധി സ്റ്റാലിനെ തിരഞ്ഞെടുത്തു. എന്നാൽ അണ്ണാ DMK ഇതുവരെ കക്ഷിനേതാവിനെ തീരുമാനിച്ചിട്ടില്ല.

✪✪✪

തെരഞ്ഞെടുപ്പ് ഫലം വിലയിരുത്താൻ ഡൽഹി AKG ഭവനിൽ ആരംഭിച്ച CPIM പോളിറ്റ് ബ്യൂറോ യോഗം ഇന്ന് സമാപിക്കും.

നിയമസഭാ തിരഞ്ഞെടുപ്പിലേറ്റ കനത്ത തോൽവിയുടെ പശ്ചാത്തലത്തിൽ CPIM നേതൃയോഗങ്ങൾക്ക് നാളെ തുടക്കമാകും. സംസ്ഥാനത്തെ പ്രതിപക്ഷ നേതാവ് ആരെന്നത് സംബന്ധിച്ച സുപ്രധാന തീരുമാനം യോഗത്തിലുണ്ടാകുമെന്നാണ് റിപ്പോർട്ടുകൾ.

നാളെ സെക്രട്ടേറിയറ്റും, 13 നും, 14 നും സംസ്ഥാന കമ്മിറ്റിയും ചേരും. 15 മുതൽ പല ഘട്ടങ്ങളിലായി രണ്ട് ദിവസത്തെ ജില്ലാ നേതൃയോഗങ്ങളും വിളിച്ചുചേർക്കും. ജൂൺ പത്തിനകം ബ്രാഞ്ച് യോഗങ്ങൾ അവസാനിക്കും.

CPI ജില്ലാ നേതൃയോഗങ്ങൾ 14 ന് ആരംഭിക്കും. 24 നകം പൂർത്തീകരിക്കും. CPI മത്സരിച്ച 25 സ്ഥലത്തെ മണ്ഡലം കമ്മിറ്റിയോഗങ്ങളും ഇതിനു പിന്നാലെ നടക്കും.

✪✪✪

കോൺഗ്രസ് ഹൈക്കമാൻഡ് എടുക്കുന്ന ഏത് തീരുമാനവും കേരളത്തിലെ കോൺഗ്രസ് പ്രവർത്തകരും UDF പ്രവർത്തകരും പൂർണ്ണമായും അംഗീകരിക്കുമെന്ന് മുതിർന്ന കോൺഗ്രസ് നേതാവ് രമേശ് ചെന്നിത്തല പറഞ്ഞു. ഹൈക്കമാൻഡ് നേതാക്കളുമായി കൂടിക്കാഴ്ച കഴിഞ്ഞ് ഡൽഹിയിൽ നിന്ന് തിരിച്ചെത്തിയ ശേഷം മാധ്യമങ്ങളോട് സംസാരിക്കുകയായിരുന്നു അദ്ദേഹം.

തീരുമാനത്തിന് മുൻപായി നടത്തേണ്ട എല്ലാ ചർച്ചകളും ഇതിനോടകം പൂർത്തിയായിക്കഴിഞ്ഞു. ഡൽഹിയിൽ നിന്ന് തീരുമാനം വരാൻ വലിയ താമസമൊന്നും ഉണ്ടാകില്ലെന്നാണ് കരുതുന്നതെന്നും ചെന്നിത്തല വ്യക്തമാക്കി.

✪✪✪

സംസ്ഥാനത്തെ മുഖ്യമന്ത്രി തീരുമാനം വൈകുന്നതിൽ ജനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടെന്ന് മുതിർന്ന കോൺഗ്രസ് നേതാവ് K മുരളീധരൻ അഭിപ്രായപ്പെട്ടു. ഘടകകക്ഷികൾ ഒരു നേതാവിന് വേണ്ടിയും വാദിക്കുന്നില്ലെന്നും അത് ഊഹാപോഹം മാത്രമാണെന്നും മുരളീധരൻ തിരുവനന്തപുരത്ത് മാധ്യമങ്ങളോട് പറഞ്ഞു. ഹൈക്കമാൻഡ് തീരുമാനം എപ്പോഴുണ്ടാകുമെന്ന് ഇവിടുത്തെ നേതാക്കൾക്ക് പറയാൻ കഴിയില്ലെന്നും മുരളീധരൻ അഭിപ്രായപ്പെട്ടു.

✪✪✪

UAE, ഖത്തർ, കുവൈറ്റ് എന്നീ രാജ്യങ്ങളുടെ വ്യോമ- സമുദ്ര അതിർത്തികളിൽ ഇറാൻ നടത്തിയ ഡ്രോൺ ആക്രമണങ്ങളെ സൗദി അറേബ്യയും UAEയും ശക്തമായി അപലപിച്ചു. ഏപ്രിൽ 8-ന് നിലവിൽ വന്ന വെടിനിർത്തൽ കരാറിന് ശേഷമുണ്ടാകുന്ന ആദ്യ ലംഘനമാണിതെന്നും, കുവൈറ്റിന്റെ പരമാധികാരത്തിലെ കടന്നുകയറ്റമാണിതെന്നും ഗൾഫ് രാഷ്ട്രങ്ങൾ കുറ്റപ്പെടുത്തി.

✪✪✪

സംസ്ഥാനത്ത് വരും ദിവസങ്ങളിലും ശക്തമായ മഴ തുടരും. കൊല്ലം, പത്തനംതിട്ട, ആലപ്പുഴ ജില്ലകളിൽ ഇന്നും; പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, എറണാകുളം ജില്ലകളിൽ നാളെയും കാലാവസ്ഥാ വകുപ്പ് മഞ്ഞ ജാഗ്രത നൽകിയിട്ടുണ്ട്.

✪✪✪

കനത്ത ചൂടിന് ആശ്വാസമായി കഴിഞ്ഞ ദിവസങ്ങളിൽ പാലക്കാട് ജില്ലയിൽ വേനൽ മഴ ലഭിച്ചെങ്കിലും ഈ സീസണിൽ വേനൽ മഴയിൽ 60 ശതമാനത്തോളം കുറവുണ്ടായത് ജില്ലയിലെ കുടിവെള്ള ക്ഷാമം രൂക്ഷമാക്കിയിരിക്കുകയാണ്.

പാലക്കാട്ട് നിന്ന് ഫൈസൽ അലിമുത്ത്.

....(വോയ്സ്)........

✪✪✪

ആകാശവാണിയുടെ അഖില കേരള റേഡിയോ നാടകോത്സവത്തിലെ ആദ്യ നാടകം ഇന്ന് രാത്രി 9.30-ന് പ്രക്ഷേപണം ചെയ്യും. തിരുവനന്തപുരം നിലയത്തിന്റെ 'ദൈവത്തിൻ മനമാരുകണ്ടു' എന്ന നാടകമാണ് ഇന്ന് പ്രക്ഷേപണം ചെയ്യുന്നത്. പ്രശസ്ത നടൻ മോഹൻലാൽ ആണ് ഇതിലെ പ്രധാന കഥാപാത്രത്തിന് ശബ്ദം നൽകിയിരിക്കുന്നത്. MR. ഗോപകുമാർ, ഭാഗ്യലക്ഷ്മി, നന്ദു, സന്ധ്യാ രാജേന്ദ്രൻ, സാജൻ സൂര്യ തുടങ്ങിയവരും കഥാപാത്രങ്ങളെ അവതരിപ്പിക്കും. ജയരാജ് മിത്രയുടെ രചനയിൽ റൂബി ബാബു ആണ് നാടകത്തിന്റെ സംവിധായിക.

എട്ടു വർഷത്തെ ഇടവേളയ്ക്ക് ശേഷം പുനരാരംഭിക്കുന്ന നാടകോത്സവം മെയ് 18ന് സമാപിക്കും. കേരളത്തിലെ എല്ലാ ആകാശവാണി നിലയങ്ങളിലൂടെയും, 'NewsOnAir' ആപ്പിലൂടെയും ശ്രോതാക്കൾക്ക് നാടകങ്ങൾ ആസ്വദിക്കാം.

✪✪✪

IPL ക്രിക്കറ്റിൽ ഇന്ന് പഞ്ചാബ് കിംഗ്സ്, ഡൽഹി ക്യാപിറ്റൽസിനെ ധർമശാലയിൽ നേരിടും. വൈകിട്ട് ഏഴരയ്ക്കാണ് മത്സരം.

✪✪✪

ഏഷ്യൻ ഭാരോദ്വഹന ചാമ്പ്യൻഷിപ്പിന് ഇന്ന് ഗുജറാത്തിലെ ഗാന്ധിനഗറിൽ തുടക്കമാകും. ഏഷ്യയിലെ ഏറ്റവും വലിയ ഭാരോദ്വഹന മത്സരങ്ങളിലൊന്നായ ഈ ചാമ്പ്യൻഷിപ്പിൽ 28 രാജ്യങ്ങളിലെ 180 ഓളം താരങ്ങൾ മത്സരിക്കും. ഇന്ത്യ ആദ്യമായാണ് ഈ മത്സരത്തിന് ആതിഥേയത്വം വഹിക്കുന്നത്. ചാംപ്യൻഷിപ് ഈ മാസം 17 ന് സമാപിക്കും.

✪✪✪

ISL ഫുട്ബോളിൽ ഇന്ന് ഈസ്റ്റ് ബംഗാൾ, പഞ്ചാബ് FC യെ നേരിടും. വൈകീട്ട് 7.30 ന് കൊൽക്കത്തയിലാണ് മത്സരം.

ഇന്നലെ കൊച്ചിയിൽ മുഹമ്മദൻ സ്പോർട്ടിങ് ക്ലബ്ബിനെ ഒന്നിനെതിരെ മൂന്ന് ഗോളിന് കേരള ബ്ലാസ്റ്റേഴ്സ് തോൽപ്പിച്ചിരുന്നു. തുടർച്ചയായ മൂന്നാം ജയത്തോടെ 14 പോയിന്റുമായി ബ്ലാസ്റ്റേഴ്സ് ഇപ്പോൾ പോയിന്റ് പട്ടികയിൽ എട്ടാം സ്ഥാനത്താണ്.

✪✪✪

AFC അണ്ടർ 17 വനിതാ ഏഷ്യൻ കപ്പ് ഫുട്ബോളിന്റെ ക്വാർട്ടർ ഫൈനലിൽ ഇന്ന് ഇന്ത്യ ആതിഥേയരായ ചൈനയെ നേരിടും. ചൈനയിലെ സുഷൗ സ്പോർട്സ് സെന്റർ സ്റ്റേഡിയത്തിലാണ് മൽസരം. ഗ്രൂപ്പ് ഘട്ടത്തിലെ അവസാന മൽസരത്തിൽ ലബനനെ പരാജയപ്പെടുത്തിയാണ് ഇന്ത്യയുടെ ക്വാർട്ടർ പ്രവേശം.

✪✪✪

ഡോ. സുകുമാർ അഴീക്കോട് ജന്മശതാബ്ദി ആഘോഷങ്ങളുടെ സമാപനവും മേധാ പട്ക്കർക്കും, പെരുമാൾ മുരുകനും പുരസ്കാര സമർപ്പണവും നാളെ ഉച്ച കഴിഞ്ഞ് കണ്ണൂർ ചേമ്പർ ഹാളിൽ നടത്തും. രാവിലെ സ്നേഹസംഗമം പ്രൊഫസർ MN കാരശ്ശേരി ഉദ്ഘാടനം ചെയ്യും. ഇന്ന് വൈകിട്ട് കണ്ണൂർ മഹാത്മാമന്ദിരത്തിൽ ശതാബ്ദി ദീപം തെളിയിക്കും.

✪✪✪

കോഴിക്കോട് മുക്കം നഗരസഭയുടെ നേതൃത്വത്തിൽ ഇരുവഞ്ഞിപ്പുഴയിൽ മഴക്കാലപൂർവ ശുചീകരണ യജ്ഞം സംഘടിപ്പിച്ചു. ജനപങ്കാളിത്തത്തോടെ നടത്തിയ ശുചീകരണം നഗരസഭ ചെയർപേഴ്സൺ ഉദ്ഘാടനം ചെയ്തു

✪✪✪

കോഴിക്കോട്ട് മൂന്നാമത് നിസർഗ്ഗ ദേശീയ നൃത്തോത്സവം വൈകിട്ട് ആരംഭിക്കും. സുകൃതീന്ദ്ര കലാമന്ദിറിൽ കലാമണ്ഡലം വൈസ് ചാൻസലർ ഡോ.B.അനന്ദകൃഷ്ണൻ ഉദ്ഘാടനം ചെയ്യും. പ്രശസ്ത ഭരതനാട്യ നർത്തകി പ്രിയദർശനി ഗോവിന്ദ്, രസമഞ്ജരി എന്ന നൃത്തശില്പം അവതരിപ്പിക്കും.

✪✪✪

വിരമിച്ച ധനകാര്യ അഡീഷണൽ സെക്രട്ടറി R. സുരേഷ് അന്തരിച്ചു. അദ്ദേഹത്തിന് 68 വയസ്സായിരുന്നു. സംസ്കാരം വൈകീട്ട് അഞ്ചിന് തൈക്കാട് ശാന്തികവാടത്തിൽ നടത്തും.

✪✪✪

മലപ്പുറത്തെ അങ്ങാടിപ്പുറം റെയിൽവേ സ്റ്റേഷൻ വരുമാനത്തിൽ മികച്ച മുന്നേറ്റം സ്വന്തമാക്കി. കഴിഞ്ഞ സാമ്പത്തിക വർഷം അഞ്ച് കോടി മുപ്പത്തിനാല് ലക്ഷത്തിൽപരം രൂപയുടെ വരുമാനം സ്റ്റേഷൻ നേടി. മുൻ വർഷത്തെ അപേക്ഷിച്ച് വരുമാനത്തിൽ 32 ലക്ഷം രൂപയാണ് വർധന.

✪✪✪

---

*News Editor : ശ്രുതി*
*News Reader: അനിൽ ചന്ദ്രൻ, സയ്യിദ് അലി ശിഹാബ്*
*News Team: അനിൽ ചന്ദ്രൻ,, അൻഷ*
*DEO: ഷീബ*